<u>**പുതിയ പോലീസ് സബ് ഡിവിഷൻ ഉദ്ഘാടനം 18-ന്**</u>

എറണാകുളം റൂറൽ ജില്ലയിൽ പുതുതായി രൂപീകരിച്ച പോലീസ് സബ്ഡിവിഷനുകളുടെ ഉദ്ഘാടനം 18ന് രാവിലെ 10.30 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഒൺലൈനിലൂടെ നിർവ്വഹിക്കും. മുനമ്പം, പുത്തൻക്കുരിശ് എന്നിവയാണ് പുതുതായി രൂപീകരിച്ചിട്ടുള്ള സബ്ഡിവിഷനുകളെന്ന് ജില്ലാ പോലീസ് മേധാവി കെ. കാർത്തിക് പറഞ്ഞു. മുനമ്പം സബ് ഡിവിഷനു കീഴിൽ ഞാറയ്ക്കൽ, മുനമ്പം, നോർത്ത് പറവൂർ, വരാപ്പുഴ, വടക്കേക്കര, പുത്തൻവേലിക്കര എന്നീ പോലിസ് സ്റ്റേഷനുകളാണുള്ളത്. നേരത്തെ ഇത് ആലുവ ഡി.വൈ.എസ്.പിയുടെ പരിധിയിലായിരുന്നു. പുത്തൻകുരിശ് സബ്ഡിവിഷനു കീഴിൽ പിറവം, കൂത്താട്ടുകുളം, മുളന്തുരുത്തി, ചോറ്റാനിക്കര, രാമമംഗലം, പുത്തൻക്കുരിശ് എന്നീ സ്റ്റേഷനുകളാണ് വരുന്നത്. ഈ സ്റ്റേഷനുകൾ മൂവാറ്റുപുഴ ഡി.വൈ.എസ്.പിയുടെ പരിധിയിലായിരുന്നു. ഇതോടെ ആലുവ പെരുമ്പാവൂർ, മുവാറ്റുപുഴ, എന്നിവ ഉൾപ്പെടെ റൂറൽ ജില്ല അഞ്ച് സബ്ഡിവിഷനുകളാകും.